MANAPPURAM
FINANCE LIMITED
Make Life Easy

Ref: SEC/ SE/ 123/ 2025-26
October 31, 2025

BSE Limited Phiroze Jeejeebhoy Towers Dalal Street Mumbai- 400001 Scrip Code: 531213	**National Stock Exchange of India Limited** 5th Floor, Exchange Plaza Bandra (East) Mumbai – 400 051 Scrip Code: MANAPPURAM	**India International Exchange (IFSC) Ltd** 1st Floor, Unit No. 101, The Signature, Building no. 13B, Road 1C, Zone 1, GIFT SEZ, GIFT City, Gandhinagar, Gujarat – 382355

Dear Madam/Sir

<u>Sub: Newspaper Publication of Financial Results</u>

Please note that the Unaudited financial results of the Company for the quarter and half year ended September 30,2025, were published in Business Line (in English language) and Mathrubhumi (in Malayalam language) on October 31st, 2025. Copies of the same are enclosed for your information and records.

Request you to kindly take the same on your record.

Thanking You.

For Manappuram Finance Limited

MANOJK
UMAR V R

Digitally signed by MANOJKUMAR V R
DN: c=IN, postalCode=680581, st=KERALA, street=VISHNU PADHAM MANGALATH HOUSE ,THRISSUR,680581, l=THRISSUR, o=Personal, serialNumber=ec0b07b2d06a85987aa84d48d23761b1c13f03d66989437cb6348bc1a592cc87, pseudonym=19d45051c8c44733b4288078f6b02a05, 2.5.4.20=9610d36c8eec56cf4e0984bc9d33b6737066d7d69ce4ee2dcb3e6bbd25cbba4e, email=CSMANOJFCS@GMAIL.COM, cn=MANOJKUMAR V R
Date: 2025.10.31 12:57:29 +05'30'

Manoj Kumar V R
Company Secretary

സൈബർ തട്ടിപ്പ്: ഒറ്റദിവസം 263 പേർ അറസ്റ്റിൽ

തിരുവനന്തപുരം ▸ സൈബർ സാമ്പത്തിക കുറ്റകൃത്യം തടയുന്നതിന്റെ ഭാഗമായി കേരള പോലീസ് സൈബർ ഓപ്പറേഷൻസ് വിഭാഗം ഒറ്റദിവസം നടത്തിയ പരിശോധനയിൽ 263 പേർ അറസ്റ്റിൽ. 'ഓപ്പറേഷൻ സൈ ഹണ്ട്' എന്നപേരിൽ വ്യാഴാഴ്ച പുലർച്ചെമുതൽ നടന്ന പരിശോധനയിലാണ് ഇത്രയും അറസ്റ്റ്. 382 കേസും രജിസ്റ്റർചെയ്തു.

നാഷണൽ സൈബർ ക്രൈം പോർട്ടലിൽനിന്നുള്ള വിവരപ്രകാരമായിരുന്നു പരിശോധന. സംശയാസ്പദമായ ചെക്കുകൾ ഉപയോഗിച്ച് പണം പിൻവലിച്ച 2683 പേരുടെയും എടിഎം വഴി പണം പിൻവലിച്ച 361 പേരുടെയും വിവരം അന്വേഷണസംഘം പരിശോധിച്ചു. സ്വന്തം അക്കൗണ്ടുകൾ വാടകയ്ക്ക് നൽകുന്നെന്നു മനസ്സിലാക്കിയ 665 പേരെയും നിരീക്ഷിച്ചു. 125 പേർക്ക് നോട്ടീസും നൽകി.

കെഎസ്ആർടിസിയിൽ അർബുദ രോഗികൾക്ക് സൗജന്യയാത്ര

തിരുവനന്തപുരം ▸ കെഎസ്ആർടിസി ബസുകളിൽ അർബുദരോഗികൾക്ക് ചികിത്സാവശ്യത്തിനുള്ള യാത്രകൾക്ക് സൗജന്യ യാത്രാ പാസ്. ഓർഡിനറി മുതൽ സൂപ്പർഫാസ്റ്റ് വരെയുള്ള ബസുകളിൽ യാത്രാസൗജന്യം ലഭിക്കും. ഇതിനായി ഓൺലൈനായി അപേക്ഷിക്കാം. https://www.keralartcit.com ൽ ഹാപ്പി ലോങ് ലൈഫ് കാർഡ് രജിസ്ട്രേഷനിലാണ് അപേക്ഷിക്കേണ്ടത്. യാത്രാകാർഡ് ചീഫ് ഓഫീസിൽനിന്നു തയ്യാറാക്കി കെഎസ്ആർടിസി ജീവനക്കാർ അപേക്ഷകരുടെ വീട്ടിലെത്തിക്കും. ചികിത്സാ ആവശ്യങ്ങൾക്കാണ് സൗജന്യയാത്ര അനുവദിക്കുക. പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി കെ.ബി. ഗണേഷ്കുമാർ നിർവഹിച്ചു.

പണം മുടക്കാതെ 100 ബസിന് സിഎൻജി

കേരളം വേണ്ടെന്നുവെച്ചു; തമിഴ്നാട് പണം നൽകി വാങ്ങി

തൃശ്ശൂർ ▸ പണച്ചെലവില്ലാതെ 100 ബസുകൾ സിഎൻജിയിലേക്ക് മാറ്റിത്തരാമെന്ന ഇന്ത്യൻ ഓയിൽ-അദാനി കമ്പനിയുടെ വാഗ്ദാനം കെഎസ്ആർടിസി നിരസിച്ചു. ഏഴുകോടിയുടെ പദ്ധതിയാണ് കമ്പനി സൗജന്യമായി വാഗ്ദാനംചെയ്തത്. ഇതുസംബന്ധിച്ച കത്തുകൾക്ക് മറുപടിലഭിക്കാതായതോടെ കമ്പനി പിൻവാങ്ങുകയായിരുന്നു.

ബസുകൾ ഹരിതചട്ടം പാലിക്കണമെന്ന ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവ് പരിഗണിച്ച് സംസ്ഥാനങ്ങൾ സ്വന്തം ചെലവിൽ സിഎൻജിയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ 1000 ബസുകൾ സിഎൻജിയിലേക്ക് മാറ്റാൻ കരാർ നൽകി. ഓരോ ബസിനും 7.8 ലക്ഷംവീതം 78 കോടിയുടേതാണ് കരാർ.

ഇവയിൽ 850 ബസുകൾ സിഎൻജിയിലേക്ക് മാറ്റാനുള്ള കരാർ മുംബൈ ആസ്ഥാനമാക്കിയുള്ള എക്കോ ഫ്യൂവൽ സിസ്റ്റംസ് എന്ന കമ്പനിക്കാണ്. 150 ബസുകളുടെ കരാർ മറ്റുരണ്ടു കമ്പനികൾക്കും നൽകി.

ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കി ബസുകൾ നിരത്തിലിറക്കും. ബാക്കിയുള്ള 760 ബസുകൾകൂടി സിഎൻജിയിലേക്ക് മാറ്റാൻ ഉടൻ കരാർനൽകും.

ലാഭകരമല്ലെന്ന് കേരളം

സിഎൻജിയിലേക്കുള്ള മാറ്റം ലാഭകരമല്ലാത്തതിനാലാണ് ഇന്ത്യൻ ഓയിൽ-അദാനി കമ്പനിയുടെ വാഗ്ദാനം സ്വീകരിക്കാതിരുന്നതെന്ന് കെഎസ്ആർടിസി അധികൃതർ. ഡീസലുമായി നാലരരൂപയുടെ വ്യത്യാസംമാത്രമാണ് സിഎൻജിക്കുള്ളത്. ക്ഷമത പ്രതീക്ഷിച്ചപോലെയില്ല. സിഎൻജി കിറ്റ് ഘടിപ്പിക്കുമ്പോൾ എൻജിൻ പെട്ടെന്ന് തകരാറിലാകുന്നതിനാൽ ചെലവ് കൂടും. ഇതിനാലാണ് വാഗ്ദാനം സ്വീകരിക്കാതിരുന്നത്. സിഎൻജി പരിസ്ഥിതി മലിനീകരണം കുറയ്ക്കുമെന്നകാര്യം ചർച്ചചെയ്യപ്പെടുത്തിയില്ലെന്നും കെഎസ്ആർടിസി അധികൃതർ പ്രതികരിച്ചു.

സിഎൻജിയിലേക്ക് മാറുമ്പോൾ കിലോമീറ്ററിന് 2.9 മുതൽ നാലുരൂപവരെ ലാഭം കിട്ടുമെന്ന് തമിഴ്നാട് കണ്ടെത്തി. 1000 ബസുകൾ സിഎൻജിയിലേക്ക് മാറ്റുമ്പോൾ വർഷത്തിൽ തമിഴ്നാട്ടിൽ 5.7 ലക്ഷം ടൺ കാർബൺഡൈ ഓക്സൈഡ് ബഹിർഗമനമാണ് ഇല്ലാതാകുകയെന്നും പഠനത്തിൽ കണ്ടെത്തി.

ഡെലിവറി ഏജന്റിനെ കാറിടിച്ച് കൊലപ്പെടുത്തി; മലയാളിയുവാവും ഭാര്യയും അറസ്റ്റിൽ

മനോജ് കുമാർ, ആരതി ശർമ

ബെംഗളൂരു ▸ റോഡിലെ തർക്കത്തിനൊടുവിൽ ഡെലിവറി ഏജന്റായ യുവാവിനെ കാറിടിപ്പിച്ച് കൊലപ്പെടുത്തിയതിന് മലയാളി യുവാവും ഭാര്യയും അറസ്റ്റിൽ. മലപ്പുറം പൊന്നാനി സ്വദേശിയും ബെംഗളൂരുവിലെ കളരിപ്പയറ്റ് കേന്ദ്രത്തിലെ പരിശീലകനുമായ മനോജ് കുമാർ(32), ഭാര്യ ജമ്മു-കശ്മീർ സ്വദേശിനി ആരതി ശർമ(30) എന്നിവരാണ് അറസ്റ്റിലായത്. കെംപത്തള്ളി സ്വദേശി ദർശൻ(24)ആണ് മരിച്ചത്.

കഴിഞ്ഞ ശനിയാഴ്ച രാത്രിയായിരുന്നു സംഭവം. സൗത്ത് ബെംഗളൂരുവിലെ നടരാജ ലേ ഔട്ടിൽ സ്കൂട്ടറിൽ കാറിടിച്ച് ദർശനും സുഹൃത്ത് വരുണും അപകടത്തിൽപ്പെടുകയായിരുന്നു. കാർ നിർത്താതെപോയി. സിസിടിവി ദൃശ്യങ്ങളിലൂടെ പോലീസ് നടത്തിയ അന്വേഷണത്തിലാണ് കാറിൽ മനോജ്കുമാറും ഭാര്യയുമായിരുന്നെന്ന് തിരിച്ചറിഞ്ഞു. ഇവരെ ചോദ്യംചെയ്തതിൽനിന്ന് റോഡിലെ തർക്കത്തിന്റെ പ്രതികാരമായി ദർശൻ സഞ്ചരിച്ച സ്കൂട്ടറിൽ കാർ ഇടിപ്പിക്കുകയായിരുന്നെന്ന് പോലീസ് കണ്ടെത്തി.

ദർശനും സുഹൃത്തും സഞ്ചരിച്ച സ്കൂട്ടർ മനോജ്കുമാറിന്റെ കാറിൽ ഉരസിയതാണ് സംഭവങ്ങളുടെ തുടക്കം. കാറിന്റെ വശത്തെ കണ്ണാടിക്ക് കേടുപാടുണ്ടായി. ഇതിൽ തർക്കമുണ്ടായപ്പോൾ, ഡെലിവറി ചെയ്യേണ്ട സാധനം നൽകാൻ വൈകുമെന്നതിനാൽ വേഗത്തിൽ ദർശൻ മനോജ്കുമാറിനോട് ക്ഷമാപണം നടത്തി യാത്ര തുടർന്നു. എന്നാൽ, മനോജ് കുമാർ കാർ പിന്തുടരുകയും ദർശനും സുഹൃത്തും സഞ്ചരിച്ച സ്കൂട്ടറിനെ ഇടിച്ചുവീഴ്ത്തുകയുമായിരുന്നെന്ന് പോലീസ് പറഞ്ഞു.

വാഹനാപകടം: റൂട്ട് ലംഘിച്ചുവെന്ന കാരണത്താൽ ഇൻഷുറൻസ് തുക നിഷേധിക്കാനാവില്ല -സുപ്രീംകോടതി

ന്യൂഡൽഹി ▸ അപകടമുണ്ടാക്കിയ വാഹനം അനുവദനീയമായ റൂട്ട് ലംഘിച്ചെന്ന കാരണത്താൽമാത്രം ഇൻഷുറൻസ് തുക നിഷേധിക്കാനാവില്ലെന്ന് സുപ്രീംകോടതി. ഇത്തരം സാങ്കേതിക കാരണങ്ങളാൽ ഇൻഷുറൻസ് തുക നിഷേധിക്കുന്നത് നീതിബോധത്തിനെതിരാണ്. മോട്ടോർവാഹന ഇൻഷുറൻസിന്റെ സാമൂഹികലക്ഷ്യം ഇല്ലാതാക്കരുതെന്നും കർണാടകത്തിൽനിന്നുള്ള കേസിൽ സുപ്രീംകോടതി പറഞ്ഞു.

അനുവദനീയമായ റൂട്ടിൽനിന്ന് മാറി ഓടിയ ബസ്സിടിച്ചാണ് അപകടമുണ്ടായത്. 2014-ൽനടന്ന അപകടത്തിൽ ബസ്സിടിച്ച് മരിച്ച ബൈക്ക് യാത്രികന് ഇൻഷുറൻസ് കമ്പനി പണം നൽകണമെന്നും പിന്നീടത് ബസ്സുടമയിൽനിന്ന് ഈടാക്കാമെന്നുമാണ് ഹൈക്കോടതി വിധിച്ചത്. ഇതിനെതിരേ ന്യൂ ഇന്ത്യാ ഇൻഷുറൻസ് കമ്പനിയും ബസ്സുടമ കെ. നാഗേന്ദ്രയും നൽകിയ അപ്പീലാണ് തള്ളിയത്. വാഹനം റൂട്ട് ലംഘിച്ചതിനാൽ നഷ്ടപരിഹാരം നൽകാൻ തങ്ങൾക്ക് ബാധ്യതയില്ലെന്ന ഇൻഷുറൻസ് കമ്പനിയുടെ വാദം സുപ്രീംകോടതി തള്ളി. അപകടങ്ങളിൽ നേരിട്ടുള്ള ബാധ്യതയിൽനിന്ന് വാഹനയുടമയെ സംരക്ഷിക്കാനാണ് പോളിസി. റൂട്ട് ലംഘിച്ചുവെന്നും മറ്റുമുള്ള സാങ്കേതികകാരണങ്ങളാൽ മരിച്ചയാളുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാതിരിക്കുന്നത് കുറ്റകരമായ അനീതിയാണെന്നും ജസ്റ്റിസ് സഞ്ജയ് കരോൾ അധ്യക്ഷനായ ബെഞ്ച് പറഞ്ഞു.

കേരളപ്പിറവിദിനത്തിൽ ആശമാരുടെ പ്രതിജ്ഞാറാലി

തിരുവനന്തപുരം ▸ സെക്രട്ടേറിയറ്റിനുമുന്നിൽ 265 ദിവസം പൂർത്തിയാക്കുന്ന പശ്ചാത്തലത്തിൽ കൂടുതൽ സമരപരിപാടികളുമായി ആശവർക്കർമാർ. ഇതിന്റെഭാഗമായി കേരളപ്പിറവിദിനമായ നവംബർ ഒന്നിന് സെക്രട്ടേറിയറ്റിനുമുന്നിൽനിന്ന് പ്രതിജ്ഞാറാലി സംഘടിപ്പിക്കും. വിവിധ ജില്ലകളിൽനിന്നുള്ള ആശവർക്കർമാർ റാലിയിൽ പങ്കെടുക്കും.

ഓണറേറിയം 1000 രൂപ വർധിപ്പിച്ചതിലൂടെ സർക്കാർ മുട്ടുകുത്തിയെന്ന് കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ ഭാരവാഹികൾ അറിയിച്ചു. സമരം തുടരുമെന്നും ആശസമരത്തിന് ഒരു വർഷം തികയുന്ന 2026 ഫെബ്രുവരി 10-ന് വീണ്ടും സമരപ്രകടനവും റാലിയും നടത്തുമെന്നും ഭാരവാഹികളായ എം.എ. ബിന്ദു, വി.കെ. സദാനന്ദൻ, എസ്. മിനി എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

സൗഭാഗ്യത്തിന്റെ നിത്യവസന്തത്തിലേക്ക്...

എന്നും ഭാഗ്യക്കുറിത്തൊഴിലാളികൾക്കൊപ്പം...

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് വഴിയും കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡ് വഴിയും ഭാഗ്യക്കുറി ഏജന്റുമാർക്കും വിൽപ്പനക്കാർക്കും പരമാവധി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നു. ഇത് അർഹതപ്പെട്ടവർക്കു തന്നെ ലഭിക്കുന്നു എന്ന് ഉറപ്പാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള ഭാഗ്യക്കുറിയുടെ ഏജന്റുമാരും വിൽപ്പനക്കാരുമായി ഒന്നര ലക്ഷത്തിലേറെപ്പേരാണുള്ളത്. ഇതിൽ ഏതാണ്ട് പകുതിയോളം പേർ ലോട്ടറി വിൽപ്പന ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള സ്ത്രീകളാണ് എന്നത് പ്രത്യേകം പ്രാധാന്യമുള്ള കാര്യമാണ്. ഒപ്പം, ഭിന്നശേഷിക്കാരായ ഒട്ടനവധിപ്പേരുടെ ജീവിതമാർഗ്ഗം കൂടിയാണ് കേരള ലോട്ടറി. ഈ മേഖലയുടെ ഒട്ടേറെ ഗുണകരമായ മാറ്റങ്ങൾക്ക് ഈ സർക്കാരിന്റെ കാലം സാക്ഷ്യം വഹിച്ചിട്ടുണ്ട്. എല്ലാ ദിവസവും നറുക്കെടുപ്പും അതിലൂടെ എല്ലാ ദിവസവും തൊഴിലാളികൾക്ക് വരുമാനവും ഉറപ്പാക്കാനായിട്ടുണ്ട്. ഇതിനുപുറമേ ആറ് ബംപർ നറുക്കെടുപ്പുകളും നടത്തിയിട്ടുണ്ട്.

ഈ സർക്കാർ ചുമതലയേറ്റ ശേഷം ഭാഗ്യക്കുറി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ ഉപകാരപ്രദമായ നിരവധി നടപടികൾ സ്വീകരിച്ചു. ലോട്ടറി വിതരണ തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങളും തൊഴിൽ സംരക്ഷണവും പരിരക്ഷയും സർക്കാർ ഉറപ്പുവരുത്തുന്നു. സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് വഴിയും കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡ് വഴിയും ഭാഗ്യക്കുറി ഏജന്റുമാർക്കും വിൽപ്പനക്കാർക്കും പരമാവധി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നു.

വകുപ്പിന്റെ ചരിത്രത്തിലാദ്യമായി ഭിന്നശേഷിക്കാരായ ഏജന്റുമാർക്ക് ഏജൻസി പുതുക്കൽ ഫീസ്, പിഴ എന്നിവ ഒഴിവാക്കി നൽകി. കാഴ്ചപരിമിതർ, ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ, വിധവകൾ, സ്ത്രീകൾ തുടങ്ങി പരിഗണന അർഹിക്കുന്ന വിഭാഗക്കാർക്കും, മുന്നൂറിൽ താഴെ ടിക്കറ്റ് എടുക്കുന്ന ഏജന്റുമാർക്കും ടിക്കറ്റ് ലഭ്യത ഉറപ്പാക്കുന്നതിന് 'കോമൺ പൂൾ റിസർവ്' സംവിധാനം നടപ്പിലാക്കി.

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗക്കാർക്ക് ഏജൻസി എടുക്കുന്നത് മുതൽ ടിക്കറ്റ് ലഭ്യത അനുസരിച്ച് 1300 ടിക്കറ്റ് വരെ നിലവിൽ നൽകിവരുന്നു. കമ്മീഷനും ഡിസ്കൗണ്ടും നേരിട്ട് ഏജന്റുമാരിലേക്ക് എത്തിക്കുന്ന നടപടികളും സ്വീകരിക്കുന്നു. കാരുണ്യ, കാരുണ്യപ്ലസ് ലോട്ടറികളിൽ നിന്നും ലഭിക്കുന്ന വരുമാനം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളല്ലാത്ത പാവപ്പെട്ടവർക്ക് സൗജന്യ ചികിത്സ ഉറപ്പാക്കാനാണ് നീക്കിവെയ്ക്കുന്നത്.

ഇപ്പോൾ ലോട്ടറിയുടെ ജി.എസ്.ടി 28 ശതമാനത്തിൽ നിന്നും 40 ശതമാനത്തിലേക്ക് വർദ്ധിപ്പിച്ച കേന്ദ്രസർക്കാർ തീരുമാനം നമ്മുടെ ലോട്ടറിയ്ക്ക് പ്രയാസം സൃഷ്ടിക്കുന്നതായിരുന്നു. എന്നാൽ ലോട്ടറി തൊഴിലാളികളുടെ വരുമാനത്തിൽ കുറവ് വരുത്താതെയും ലോട്ടറിയുടെ വില വർദ്ധിപ്പിക്കാതെയും ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള ക്രിയാത്മകമായ നിലപാടാണ് സർക്കാർ സ്വീകരിച്ചത്.

ലോട്ടറി സമ്മാനഘടനയടക്കം പരിഷ്കരിച്ചുകൊണ്ട് കേരള ലോട്ടറിയെ കൂടുതൽ ജനകീയമാക്കാനായിട്ടുണ്ട്. നമ്മുടെ സമൂഹത്തിലെ ഗണ്യമായ വിഭാഗത്തിന്റെ ഉപജീവനമാർഗ്ഗമായ കേരള ലോട്ടറിയെ സംരക്ഷിക്കാൻ നമുക്ക് ഒരുമിച്ചു നിൽക്കാം.

160 ക്ഷേമനിധി അംഗങ്ങൾ ഇനി സുരക്ഷിത ഭവനത്തിന്റെ തണലിൽ

ഭവനരഹിതരായ 160 ക്ഷേമനിധി അംഗങ്ങൾക്ക് ഭവന നിർമാണത്തിന് സാമ്പത്തിക സഹായമൊരുക്കി സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്. കേരള സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കെ.എൻ. ബാലഗോപാൽ നിർവഹിച്ചു.

കേരളത്തിൽ ഒരാൾ പോലും താമസസൗകര്യമില്ലാതെ കഷ്ടപ്പെടരുത് എന്ന ഉറച്ച ലക്ഷ്യത്തോടെയാണ് സർക്കാർ മുന്നോട്ട് പോകുന്നതെന്നും, ഇത് സംസ്ഥാനത്തിന്റെ പ്രഖ്യാപിത നയമാണെന്നും മന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു.

ലൈഫ് മിഷൻ ഭവന പദ്ധതി ഉൾപ്പെടെയുള്ള എല്ലാ ജനകീയ പദ്ധതികളും ഈ അടിസ്ഥാന നയത്തിന്റെ ഭാഗമായാണ് നടപ്പിലാക്കുന്നതെന്നും, നവംബർ ഒന്നിന് നിയമസഭ പ്രത്യേകമായി ചേർന്ന്, സംസ്ഥാനത്തെ അതിദരിദ്രരില്ലാത്ത നാടായി പ്രഖ്യാപിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഭവനരഹിതരായ 160 ക്ഷേമനിധി അംഗങ്ങൾക്കാണ് ബോർഡിന്റെ സൗജന്യ ഭവന നിർമ്മാണ പദ്ധതി വഴി വീട് ലഭിക്കുന്നത്. 2021-ലെ ലൈഫ് - വിഷു ബമ്പർ (BR-790) ഭാഗ്യക്കുറിയുടെ ലാഭവിഹിതം ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം, തിരഞ്ഞെടുക്കപ്പെടുന്ന ഓരോ ക്ഷേമനിധി അംഗത്തിനും വീട് നിർമ്മിക്കുന്നതിനായി 5,92,000 (അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം) രൂപ വീതം അനുവദിക്കും. 160 വീടുകൾക്കുമായി ആകെ 9.47 കോടി രൂപയാണ് (ഒൻപത് കോടി നാൽപ്പത്തിയേഴ് ലക്ഷത്തി അൻപത്തിഅയ്യായിരം) സർക്കാർ നീക്കിവെച്ചിരിക്കുന്നത്. എല്ലാ ജില്ലകളിലെയും അംഗങ്ങളെ പരിഗണിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

തിരുവനന്തപുരം (12), കൊല്ലം (18), പാലക്കാട് (16), ആലപ്പുഴ (15) എന്നിങ്ങനെ തുടങ്ങി കാസർഗോഡ് (6) വരെ വിവിധ ജില്ലകളിലായി ആകെ 160 വീടുകളാണ് നിർമ്മിച്ചു നൽകുക. പ്രതിമാസം 25,000 രൂപയുടെ ടിക്കറ്റെങ്കിലും വിൽക്കുന്ന ഏജന്റിന് മാസം 50 രൂപ അംശദായം അടച്ച് ക്ഷേമനിധിയിൽ അംഗമാകാം. രണ്ടായിരത്തിൽ താഴെ അംഗങ്ങളുമായി തുടങ്ങിയ ബോർഡിൽ നിലവിൽ നാല്പതിനായിരത്തിലധികം സജീവ അംഗങ്ങളുണ്ട്.

ഒക്ടോബർ 4-ന് തിരുവനന്തപുരം ഗോർഖി ഭവനിൽ നടന്ന ചടങ്ങിൽ കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ പൂജാ ബമ്പർ ടിക്കറ്റ് ധനകാര്യ മന്ത്രി കെ.എൻ.ബാലഗോപാൽ പ്രകാശനം ചെയ്യുന്നു. ജോയിന്റ് ഡയറക്ടർ രാജ്കപൂർ, ആന്റണി രാജു എം.എൽ.എ., ഡയറക്ടർ ഡോ. മിഥുൻ പ്രേംരാജ്, ജോയിന്റ് ഡയറക്ടർ മായ എൻ. പിള്ള എന്നിവർ സമീപം.

ക്ഷേമനിധി ബോർഡിന്റെ ആനുകൂല്യങ്ങൾ

ക്ഷേമനിധി അംഗങ്ങളിൽ അംഗത്വ കാലാവധി ഒരുവർഷമെങ്കിലും പൂർത്തിയാക്കിയവർക്ക് ഓണം ഉത്സവബത്ത അനുവദിക്കുന്നു. ഈ വർഷം സജീവ അംഗങ്ങൾക്ക് 7500 രൂപ വീതവും പെൻഷൻകാർക്ക് 2750 രൂപവീതവും നൽകി. ഈ ഇനത്തിൽ 26.37 കോടി രൂപയാണ് വിതരണം ചെയ്തത്.

- പത്ത് വർഷത്തിലധികം അംശദായം അടച്ച 55 വർഷം പൂർത്തിയായ അംഗങ്ങൾക്ക് പ്രതിമാസം 1600 രൂപ വീതം പെൻഷൻ നൽകുന്നു. 7500-ഓളം പെൻഷൻകാർക്ക് നിലവിൽ ആനുകൂല്യം ലഭിക്കുന്നു. പെൻഷണർ മരണപ്പെട്ടാൽ കുടുംബത്തിന് പ്രതിമാസം 800 രൂപ കുടുംബ പെൻഷൻ ലഭിക്കുന്നുണ്ട്.
- രോഗമോ അപകടമോ മൂലം സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത സംഭവിച്ച് ഒരു വർഷത്തിലേറെയായി ജോലി ചെയ്യാൻ കഴിയാതെ വരുന്ന അംഗത്തിന് അവശതാ പെൻഷന് അർഹതയുണ്ടാകും.
- അപകടം മൂലം ക്ഷേമനിധി അംഗം മരണപ്പെട്ടാൽ ഒരു ലക്ഷം രൂപയും, സ്വാഭാവിക മരണത്തിന് 50,000 രൂപയും അനന്തരാവകാശികൾക്ക് മരണാനന്തര സഹായമായി നൽകുന്നു.
- മരണപ്പെട്ട ക്ഷേമനിധി അംഗങ്ങളുടെ അനന്തരാവകാശികൾക്ക് അംശദായം ഒടുക്കിയ തുക 6 ശതമാനം പലിശ ഉൾപ്പെടെ തിരികെ നൽകുന്നു.
- ക്ഷേമനിധി അംഗങ്ങളുടെ മക്കളിൽ എസ്.എസ്.എൽ.സി/പത്താംതര പരീക്ഷ 80 ശതമാനം മാർക്കോടെ വിജയിച്ച് റെഗുലർ കോഴ്സുകളിൽ ഉപരിപഠനത്തിന് ചേരുന്നവർക്കും, പ്രൊഫഷണൽ, ബിരുദാനന്തര ബിരുദ, ഡിപ്ലോമ കോഴ്സുകൾക്ക് ചേരുന്നവർക്കും, പഠന കാലയളവിലെ ഓരോ വർഷത്തിലും വിദ്യാഭ്യാസ ധനസഹായം നൽകുന്നു.
- ഹയർ സെക്കൻഡറി, പോളിടെക്നിക്ക് ത്രിവത്സര എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് ഓരോ വർഷവും 1500 രൂപ വീതവും, മെഡിക്കൽ ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് വർഷം 7000 രൂപ വീതവും, എഞ്ചിനീയറിംഗ് ബിരുദ, ബിരുദാനന്തര കോഴ്സുകൾക്കും, പാരാമെഡിക്കൽ, നഴ്സിംഗ് ബിരുദ, ബിരുദാനന്തര കോഴ്സുകൾക്കും വർഷം 4000 രൂപ വീതവും നൽകുന്നു. എം.ബി.എ, എം.സി.എ കോഴ്സുകൾക്ക് 3000 രൂപ വീതവും മറ്റ് ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് 2000 രൂപ വീതവും വർഷം നൽകുന്നു.
- മൂന്ന് വർഷമെങ്കിലും അംശദായം അടച്ചുവരുന്ന വനിതാ അംഗങ്ങളുടെയും, അവരുടെ പെൺമക്കളുടെയും വിവാഹ ചെലവിനായി 25,000 രൂപ വീതം ധനസഹായം നൽകുന്നു.
- ഒരു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ച വനിതാ അംഗത്തിന് പ്രസവാനുകൂല്യമായി 10,000 രൂപ നൽകും. ഇത് രണ്ട് തവണ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്.
- മൂന്ന് ദിവസമോ അതിൽ കൂടുതലോ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് ആദ്യത്തെ മൂന്ന് ദിവസം 750 രൂപയും തുടർന്നുള്ള ഓരോ ദിവസവും 150 രൂപയും അനുവദിക്കുന്നു. വർഷം പരമാവധി 5000 രൂപ വരെ നൽകുന്നു.
- വൃക്ക രോഗം, ക്യാൻസർ, ഹൃദ്രോഗം മുതലായ രോഗബാധിതരായ അംഗങ്ങൾക്ക് 50,000 രൂപ വരെ പ്രത്യേക ചികിത്സാ സഹായം നൽകുന്നു.
- കഴിഞ്ഞ സാമ്പത്തിക വർഷം ക്ഷേമനിധിബോർഡ് 43.12 കോടി രൂപയുടെ ആനുകൂല്യം വിതരണം ചെയ്തു. 37,018 പേർക്ക് ഓണം ബോണസായി 22.59 കോടി രൂപ നൽകി.
- 206 പേർക്ക് പ്രത്യേക ചികിത്സാ സഹായമായി 75.70 ലക്ഷം രൂപ നൽകി. 10 പേർക്ക് ചികിത്സാ സഹായമായി 27,850 രൂപ അനുവദിച്ചു. 272 പേർക്ക് വിവാഹ ധനസഹായമായി 68 ലക്ഷം രൂപ നൽകി. 93 പേർക്ക് പ്രസവാനുകൂല്യമായി 9.3 ലക്ഷം രൂപ അനുവദിച്ചു.
- 268 പേരുടെ അനന്തരാവകാശികൾക്ക് മരണാനന്തര ധനസഹായമായി 1.36 കോടി രൂപ നൽകി. മരണമടഞ്ഞ 290 അംഗങ്ങളുടെ കുടുംബങ്ങൾക്ക് അംശദായം മടക്കി നൽകാൻ 12.34 ലക്ഷം രൂപ ചെലവിട്ടു. 7460 പേർക്ക് പെൻഷനായി 16.59 കോടി രൂപ നൽകി. 398 പേർക്ക് കുടുംബ പെൻഷൻ ഇനത്തിൽ 43.19 ലക്ഷം രൂപ അനുവദിച്ചു. അംഗത്വം അവസാനിപ്പിച്ച 984 അംഗങ്ങൾക്ക് 47.93 ലക്ഷം രൂപ അംശദായ ഇനത്തിൽ തിരികെ നൽകി. 13 പേർക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പായി 41,500 രൂപയും നൽകി.
- ഭവനരഹിതരായ ക്ഷേമനിധി അംഗങ്ങൾക്ക് വീട് വെച്ചുനൽകാൻ 9.48 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 168-ഓളം വീടുകളാണ് നിർമ്മിച്ചു നൽകുന്നത്. അംഗങ്ങൾക്ക് കുട, ടിക്കറ്റ് സൂക്ഷിക്കുന്നതിനുള്ള ബാഗ്, കാഴ്ച പരിമിതരായ അംഗങ്ങൾക്ക് കണ്ണട വിതരണം ചെയ്യൽ എന്നിവയും ബോർഡിന്റെ സജീവ പരിഗണനയിലാണ്.

സോഷ്യൽ മീഡിയയിലും സജീവ സാന്നിധ്യം

Website: https://statelotteries.kerala.gov.in
https://www.instagram.com/keralalotteryofficial
https://facebook.com/kslottoffical
http://www.youtube.com/@kslott
Follow the Kerala lotteries Whatsapp Channel
https://whatsapp.com/channel/
https://t.me/keralastatelotteryofficial

നറുക്കെടുപ്പ് ഓൺലൈനിൽ തത്സമയം കാണാൻ

ADVT.

QUICKLY.

Asirvad Microfinance appoints new Co-CEO

Kochi: Asirvad Microfinance Ltd. has announced that Gerard David Manoj Pasangha is its new Co-CEO. He will spearhead Asirvad's expansion strategy, enhance operational excellence, and drive innovation in product offerings and service delivery. OUR BUREAU

IIFL Home Finance names Girish Kousgi as MD & CEO

Mumbai: IIFL Home Finance has appointed Girish Kousgi as MD and CEO with effect from October 30. Kousgi will oversee the company's entire business operations, including home loans, non-home loan segments, MSME loans, and construction finance. Kousgi served as MD and CEO of PNB Housing Finance Ltd. OUR BUREAU

Union Bank Q2 profit down 10% on fall in total income

NO DENIAL. CEO did not explicitly reject reports of merger with Bank of India

Our Bureau
Mumbai

Scorecard

	Q2 FY26	% change
Loans (₹ lakh cr)	9.75	5
Deposits (₹ lakh cr)	12.34	2
NII (₹ cr)	8,812	-3
Net NPA (in %)	0.55	-43 bps
Net profit (₹ cr)	4,249	-10

Source: Bank, exchanges

Bank's NII fell 3%. Recoveries fell 36% on-year to ₹913 crore in Q2. Net interest margin (NIM), a core profitability indicator, fell to 2.67 per cent in Q2 from 2.76 per cent in the last quarter

Union Bank of India on Thursday reported a 10 per cent year-on-year (y-o-y) fall in net profit for the quarter ended September at ₹4,249 crore on account of lower total income and recoveries from written-off loans.

The bank's net interest income (NII) was down 3 per cent on-year to ₹8,812 crore, while other income — which includes fees from third-party services, treasury income and recoveries from written-off accounts — was lower by 6 per cent y-o-y to ₹4,996 crore.

Recoveries fell 36 per cent on-year to ₹913 crore in Q2.

Net interest margin (NIM), a core profitability indicator, fell to 2.67 per cent in Q2 from 2.76 per cent in the last quarter.

BANKS' MERGER

On a recent report of the merger of Bank of India and Union Bank of India, the latter's newly appointed MD and CEO, Asheesh Pandey, said things are evolving, without specifically denying the media reports.

He said the last round of public sector bank mergers have been successful, and even the policy of one state, one regional rural bank (RRB) has aided the customers of RRBs.

"...Things are evolving, it is a dynamic market. The market decides what is going to happen....," said Pandey.

Union Bank's overall advances rose 5 per cent y-o-y to ₹9.75 lakh crore in Q2, while deposits were up 2 per cent at ₹12.34 lakh crore.

Retail, agriculture and MSME loans formed 57 per cent of the loan book, and corporate loans formed the rest.

The bank is aspiring to grow its overall advances by 8-10 per cent in the current fiscal, said Pandey.

NEW PRODUCTS

It has launched innovative products to grow both retail loans and savings account deposits.

Asset quality improved, with the slippage ratio reducing to 0.91 per cent in Q2 from 0.99 per cent in the last quarter, while credit cost fell to 22 basis points (bps) from 47 bps last quarter.

The overall gross and net non-performing asset ratio stood at 3.29 per cent and 0.55 per cent in Q2, lower than 3.52 per cent and 0.62 per cent in Q1, respectively.

FALL IN PROVISIONING

Provisions, accordingly, fell 24 per cent on-year to ₹2,565 crore, aiding the bottomline.

The bank's capital adequacy ratio stood at 17.07 per cent as of September-end, with the common-equity tier-I ratio of 14.37 per cent.

Canara Bank profit surges 19% despite NII declining 1.9%

Aishwarya Kumar
Bengaluru

Scorecard (₹ cr)

	Sept 2024	Sep 2025	up/down (%)
Net profit	4,014	4,774	18.93
Net interest income	9,315	9,141	-1.84
Interest income	29,740	31,544	6.07
Non-interest income	4,981	7,054	41.62
Global deposits	13,47,347	15,27,922	13.40

We want a 60:40 mix of RAM & corporate. We don't want to expand corporate lending at the cost of our bottom line

SATYANARAYANA RAJU
MD & CEO, Canara Bank

Canara Bank has reported a 19 per cent year-on-year (y-o-y) growth in its net profit, at ₹4,774 crore for Q2 FY26. However, the bank's net interest income (NII) declined by 1.87 per cent, falling to ₹9,141 crore from ₹9,315 crore in the corresponding quarter last year.

Domestic deposits grew 12.62 per cent year-on-year to ₹13,94,999 crore as of September 30, 2025, compared to ₹12,38,713 crore in the same period last year. Similarly, domestic advances increased by 13.34 per cent, rising to ₹10,81,428 crore from ₹9,54,149 crore.

Asset quality improved during the quarter. Gross non-performing assets (NPAs) declined to ₹27,040 crore from ₹29,518 crore in the previous quarter, while net NPAs improved to ₹6,113.2 crore from ₹6,765.2 crore quarter-on-quarter.

Elaborating on the quarter performance, Satyanarayana Raju, MD & CEO of Canara Bank, said that he anticipates the RAM (Retail, Agriculture, and MSME) sector will grow faster than corporate lending over the next two quarters.

"Our strategy is to achieve a 60:40 mix between RAM and corporate sectors," Raju stated.

"We do not want to expand corporate lending at the expense of our bottom line, or participate in the interest rate war that is eroding profitability. We remain cautious on this front."

He explained that the bank adopted this board-approved strategy three years ago to shift towards a 60 per cent RAM sector focus. "We are on track, and RAM sector growth will consistently outpace corporate growth going forward," he added.

FUND RAISE

On capital raise, Raju confirmed that the bank will complete its entire capital raising programme of ₹9,500 crore during the second half of the current financial year.

Rise in provisions drags Bandhan Bank net down 88%

Our Bureau
Kolkata

Scorecard

	Q2FY25	Q2FY26	y-o-y change (%)
Net Profit	937.44	111.87	-88.07
Operating Profit	1,855.09	1,310.35	-29.36
Provisions	606.24	1,152.56	90.12
Net Interest Income	2,933.73	2,588.56	-11.76

(All figures are in ₹ crore, except percentages) Source: Company

Private sector lender Bandhan Bank on Thursday reported a 88.07 per cent year-on-year fall in its net profit, to ₹111.87 crore for the second quarter (Q2) this fiscal, on the back of around 29 per cent y-o-y fall in operating profit and around 90 per cent y-o-y rise in provisions during the period.

The Kolkata-based bank had posted a net profit of ₹937.44 crore during the second quarter last fiscal.

The lender's operating profit during Q2FY26 grew 29.36 per cent y-o-y, at ₹1,310.35 crore compared to ₹1,855.09 crore in Q2FY25, according to a stock exchange filing.

The bank's net interest income (NII) during the period under review fell 11.76 per cent y-o-y, to ₹2,588.56 crore, from ₹2,933.73 crore in the year-ago period.

The net interest margin (NIM) stood at 5.8 per cent, registering a 152 basis points (bps) y-o-y decline.

During the period, provisions soared by 90.12 per cent y-o-y at ₹1,152.56 crore from ₹606.24 crore in the second quarter of the last financial year.

BELOW EXPECTATIONS

"The quarter's performance reflected a transitional pace for the bank as we continue to realign our portfolio and operating model in response to the changing interest rate environment," Bandhan Bank MD and CEO Partha Pratim Sengupta said after declaring the results.

"The recent 75 bp repo cut in Q1, which we proactively passed on to our customers, had a short-term impact on the markets in Q2. However, this is part of the adjustment process that will position us well for sustainable growth ahead. As the repricing of deposits takes place over the next few quarters, we expect to see the full benefit of lower funding costs, which will help improve margins and support profitability going forward," he added.

"I would like to candidly acknowledge that our Q2 FY26 performances were somewhat below our internal expectations and the estimates," he said.

"However, the underlying trends and structural improvements give us confidence for an improving second half. A few factors contributed to the softer Q2FY26 performance outcome. Firstly, the 75 bp repo cut impacted a major part of our advances, and the 200 bp reduction in MCLR — which has affected almost 50 per cent of our books. With this moderated interest income growth in the quarter, we have partly offset this impact reducing the cost of savings accounts. However, larger benefits from lower cost of fixed deposits will come through mainly from Q4 onwards," Sengupta said.

"Growth in the EEB portfolio (erstwhile microfinance) remained subdued as the full impact of the industry level guardrails is taking longer time to materialise than anticipated," he added.

GROSS NPAS RISE

During the period under review, asset quality deteriorated on the year-on-year basis. Gross non-performing assets (GNPA) ratio rose to 5.02 per cent from 4.68 per cent in Q2FY25.

Net NPA ratio stood at 1.37 per cent compared to 1.29 per cent in the year ago period.

'SC ring-fencing on AGR dues hurts Vi's bank credibility'

Vallari Sanzgiri
Mumbai

The ring-fencing by the Supreme Court in terms of the adjusted gross revenue (AGR) relief for debt-ridden Vodafone Idea (Vi) undercuts the telco's leverage in terms of building confidence for bank funding, experts told *businessline*.

"The prayer in the petition [by Vi] itself restricts its claim only to the additional AGR demand raised by the respondent for the period up to the financial year 2016-17," stated the court order.

This limits the relief to just ₹9,449 crore. According to telecom expert Parag Kar, this single point in the order mitigates some of the initial impact of the apex court order, as it effectively ring-fences the government from reconsidering the additional AGR demand for FY17 alone.

Similarly, Shriram Subramanian, Founder of inGovern, considered this short breather to be insufficient to increase bank confidence towards Vodafone Idea.

"The overall AGR dues for the company is much higher.

The order limits the relief to just ₹9,449 crore REUTERS

Any concession for spectrum fees is also doubtful. This dampens the initial enthusiasm from the Supreme Court order. Vi will have to continue with its current strategy to manage the dues," he said.

businessline reached out to the telco for comments. There was no reply.

PREVENTING DUOPOLY

While a similar revision for spectrum fees is unlikely, the order still goes a long way in signalling to Vi's investors and debtors about their financial viability. For India's telecom market not to become primarily a duopoly, we need a third strong competitor and Vi is important from that perspective, said Ashutosh Sharma, VP at Forrester. However, he emphasised that Vi must get its act together in terms of operational performance and revenue growth.

Earlier, the court's allowance to the government had sparked enthusiastic comments from analysts and brokerages like Emkay that said, "The government of India will now have enough wiggle room to create a plan for Vi's long-term sustainability. We note that leverage for Vi remains higher even without AGR dues."

MEIL Energy buys power plant in TN for ₹926 crore

Our Bureau
Hyderabad

MEIL Energy Private Ltd, a wholly-owned subsidiary of Megha Engineering & Infrastructures Ltd (MEIL), has acquired TAQA Neyveli Power Company Pvt Ltd (TAQA Neyveli) from Abu Dhabi National Energy Company PJSC for ₹926 crore.

TAQA Neyveli owns and operates a 250-MW lignite-fired power plant located in Neyveli, Tamil Nadu. The power plant has a track record of delivering reliable and efficient power to meet the State's growing energy demands.

The acquisition would support MEIL's goal of building a resilient portfolio of operating assets that deliver reliable services at scale.